പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 3912

21/06/2018 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.യു. ആർ. പ്രദീപ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് അഴിമതിയും കെടുകാര്യസ്ഥതയും മൂലം വൻനഷ്ടത്തിലായിരുന്ന കൺസ്യൂമർഫെഡിനെ ലാഭത്തിലാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ചെലവ് ചുരുക്കലിന്റെ ഭാഗമായി ആവശ്യത്തിൽ കൂടുതലുള്ള താത്ക്കാലിക ജീവനക്കാരെ ഒഴിവാക്കി വൻ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു ആവശ്യമില്ലാത്ത ഗോഡൌണുകൾ നിർത്തലാക്കി. സുതാര്യമായ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ടെൻഡറുകൾ വഴിയാണ് സാധനങ്ങൾ വാങ്ങുന്നത്. പർച്ചേസ് പോളിസിക്ക് രൂപം നൽകി. രൊക്കം പണം കൊടുത്ത് സാധനങ്ങൾ വാങ്ങിയും, വിദേശ മദ്യവിൽപ്പനയിൽ നിലനിന്നിരുന്ന അനാശാസ്യ പ്രവണതകളും, ഡാമേജും കുറയ്ക്കാൻ കഴിഞ്ഞു. ഉപയോഗമില്ലാത്ത മൊബൈൽ ത്രിവേണി വാഹനങ്ങൾ വിൽക്കുകയും ചെയ്തു. ഉപയോഗ യോഗ്യമല്ലാതെ കെട്ടിക്കിടക്കുന്ന സാധനങ്ങൾ വിൽക്കുകയും, പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നുള്ള ഇൻഡന്റുകൾ ശേഖരിച്ച് അഡ്വാൻസ് വാങ്ങി സാധനങ്ങൾ വാങ്ങാൻ തുടങ്ങിയതോടെ പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിന് സാധിച്ചു. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൺസ്യൂമർ ഫെഡിന്റെ സഞ്ചിത നഷ്ടം എത്ര കോടി രൂപ ആയിരുന്നു? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കൺസ്യൂമർഫെഡിന്റെ ഏകദേശ കട ധന പട്ടിക പ്രകാരം സഞ്ചിത നഷ്ടം 751.37 കോടി രൂപ ആയിരുന്നു. |
| സി) | അഴിമതി ഇല്ലാതാക്കി സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ | സി) | അഴിമതി ഇല്ലാതാക്കി സുതാര്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓരോ മേഖലയിലും പ്രാവീണ്യമുള്ള സംഘം പ്രതിനിധികളെ ഓരോ ഇനത്തിന്റെയും പർച്ചേസ് കമ്മിറ്റിയിൽ |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുണ്ടോ എന്നും പർച്ചേസ് കമ്മിറ്റി പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി വിപുലീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | | ഉൾക്കൊള്ളിച്ചുകൊണ്ട് പർച്ചേസ് കമ്മിറ്റി രൂപീകരിച്ചാണ് ഫെഡറേഷന്റെ പർച്ചേസ് പ്രക്രിയകൾ നടത്തി വരുന്നത്. |
| ഡി) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) | കൺസ്യൂമർ ഫെഡറേഷന്റെ ത്രിവേണി സ്റ്റോറുകൾ വഴി എല്ലാ നിത്യോപയോഗ സാധനങ്ങളും വിപണിയിൽ എത്തിയ്ക്കുന്നതിനും, അതുവഴി വിലക്കയറ്റത്തെ തടഞ്ഞു നിർത്തുന്നതിനും സാധിച്ചിട്ടുണ്ട്. പാവപ്പെട്ടവരും, സാധാരണക്കാരും കൂടുതലായി തിങ്ങിപാർക്കുന്ന മേഖലകളിൽ പ്രത്യേകിച്ച് ആദിവാസി മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ കൺസ്യൂമർ ഫെഡിന്റെ മൊബൈൽ ത്രിവേണികളുടെ സേവനം കൃത്യമായി എത്തിക്കുന്നതിനും പദ്ധതിയുണ്ട്. ഉത്സവകാലങ്ങളിൽ സർക്കാർ നിർദ്ദേശ പ്രകാരം സബ്സിഡി വിലയ്ക്ക് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നു. കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വിൽപ്പനയുടെ അടിസ്ഥാനത്തിൽ എ,ബി,സി,ഡി,ഇ എന്നിവയായി തരം തിരിച്ച് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ റിവൈവ് ചെയ്യുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2500 നീതി സ്റ്റോറുകളും, 500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് പ്രവർത്തനം ആരംഭിച്ചു. നിത്യോപയോഗ സാധനങ്ങൾ വിലക്കുറച്ച് ലഭ്യമാക്കുന്നതിന് ഇ-ടെന്റർ സംവിധാനം ഫലപ്രദമാക്കി. പ്രഥമിക സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. മരുന്നു കമ്പനികളിൽ നിന്ന് നേരിട്ട് മരുന്ന് വാങ്ങുന്നത് വഴി കൂടുതൽ വിലക്കുറവിൽ മരുന്നുകൾ വിപണിയിൽ എത്തിക്കുന്നതിന് കഴിഞ്ഞു. ഓണത്തിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ വിപുലമായ 3500 ഓളം ഓണവിപണി സംഘടിപ്പിക്കുന്നതിനാണ് കൺസ്യൂമർ ഫെഡറേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ